പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1693 — 21-01-2014 ൽ മറുപടിക്ക്

## പോളച്ചിറ ഏലായിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നബാർഡ് പദ്ധതി പ്രകാരം പോളച്ചിറ ഏലായിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കി വരുന്നത് ; പ്രസ്തുത പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; | (എ) | 320 ലക്ഷം രൂപയാണ് പദ്ധതി ചെലവ്. 14-3-2011 നാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിനൽകിയത്. |
| (ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്നാണ് ; ജോലികൾ പൂർത്തീകരിക്കേണ്ടുന്ന സമയപരിധി എന്നാണ് അവസാനിക്കുന്നത്; | (ബി) | 21-12-2011 ൽ കൺവീനറുമായി കരാർ ഒപ്പുവച്ച് ഒക്ടോബർ 2012-ൽ പണി ആരംഭിച്ചു. 31-3-2014 ന് മുമ്പ് പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ എത്രത്തോളം നിർമ്മാണ ജോലികൾ ചെയ്തിട്ടുണ്ട്; ഇത് ആകെ പ്രവൃത്തികളുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രത്തോളം; | (സി) | 1. നടു തോടിന്റെ ആഴം കൂട്ടൽ (3230 മീറ്ററിൽ 2000 മീറ്റർ പൂർത്തിയായി)<br>2. സൈഡ് പ്രൊട്ടക്ഷൻ വാൾ (70% പൂർത്തിയായി)<br>3. കൾവർട്ട്സ് -4 എണ്ണത്തിൽ 3 എണ്ണം പൂർത്തിയായി<br>4. സ്ലൂയിസ് -2 എണ്ണത്തിൽ 2 എണ്ണവും പൂർത്തിയായി<br>5. പെട്ടി, പറയുടെ അറ്റകുറ്റ പണികൾ പൂർത്തിയായി.<br>6. കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം പൂർത്തിയായി<br>ആകെ പ്രവൃത്തികളുടെ 50% പൂർത്തിയായി |

| | | |
|---|---|---|
| (ഡി) പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭാഗിക ബില്ലിൽ കൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്; | (ഡി) | 50,80,000/- രൂപ (അമ്പത് ലക്ഷത്തി എൺപതിനായിരം രൂപ) |
| (ഇ) ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണ്; ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;<br><br>(എഫ്) നിർമ്മാണ പ്രവർത്തനം തുടരുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്നും, തടസ്സം നീക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ? | (ഇ) യും (എഫ്) ഉം | 1. നടു റോഡിന്റെ ആഴം കൂട്ടൽ (1230 മീറ്റർ ബാക്കി)<br>2. പുറം ബണ്ടിന്റെ പൊക്കം കൂട്ടൽ<br>3. തലച്ചിറയിൽ പുതിയ കുളം<br>4. സൈഡ് പ്രൊട്ടക്ഷൻ വാൾ 50% ബാക്കി<br>5. നടപ്പാലം -5 എണ്ണം<br>6. പുതിയ പെട്ടി, പറ, പുതിയ പമ്പ് ഹൗസ്<br>മേൽപ്പറഞ്ഞ പ്രവൃത്തികൾ 2014 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കേണ്ടതുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ